# അല്ലാഹുവിനെ ദർശിക്കൽ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ الله )
**അവലംബ ഗ്രന്ഥം:** شرح لمعة الإعتقاد الهادي إلى سبيل الرشاد
**വിവർത്തനം:** *അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി*

ഐഹിക ജീവിതത്തിൽ വെച്ച് അല്ലാഹുവിനെ ദർശിക്കുക (رؤية الله) അസംഭവ്യമായ കാര്യമാണ്. ഇക്കാര്യം അല്ലാഹുവിനെ ഒന്ന് കാണാൻ കഴിഞ്ഞെങ്കിലെന്ന മൂസാ(عليه السلام)യുടെ അപേക്ഷക്ക് അല്ലാഹു നൽകിയ മറുപടിയിൽ ഇപ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

(لَن تَرَىٰنِى ) (سورة الأعراف 143)

''നിനക്കൊരിക്കലും എന്നെ കാണാൻ കഴിയുന്നതല്ല''

എന്നാൽ പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണാൻ കഴിയുമെന്നത് ഖുർആൻ, സുന്നത്ത്, പൂർവ്വികരുടെ ഇജ്മാഅ് എന്നിവയിലൂടെ സ്ഥിരപ്പെട്ടിട്ടുള്ള കാര്യമാണ്.

അല്ലാഹു പറയുന്നു:

(وُجُوهٌ يَوْمَئِذٍ نَّاضِرَةٌ ﴿٢٢﴾ إِلَىٰ رَبِّهَا نَاظِرَةٌ ) (سورة القيامة 22،23)

''ചില മുഖങ്ങൾ പ്രസന്നമായതും തങ്ങളുടെ രക്ഷിതാവിൻെറ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും''

(كَلَّآ إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ ) (سورة المطففين 15)

''അല്ല, തീർച്ചയായും അവർ (കാഫിറുകൾ) അന്നേ ദിവസം അവരുടെ രക്ഷിതാവിൽനിന്ന് മറക്കപ്പെടുന്നവരാകുന്നു''

ഇവിടെ തെമ്മാടികൾ അല്ലാഹുവിനെ കാണുന്നതിൽനിന്ന് മറയിടപ്പെടും എന്നു വന്നാൽ, പുണ്യവാന്മാർക്ക് അല്ലാഹുവിനെ കാണാൻ കഴിയും എന്നുതന്നെയാണ് വരിക; ഇല്ലാ എങ്കിൽ അവർക്കിടയിൽ യാതൊരു വ്യത്യാസവുമുണ്ടാകുകയില്ല.

ഇക്കാര്യം നബി(ﷺ)യും വ്യക്തമാക്കുന്നത് കാണുക:

إنكم سترون ربكم كما ترون القمر لا تضامون في رؤيته (متفق عليه)

“തീർച്ചയായും അന്ന് നിങ്ങൾ, യാതൊരു അവ്യക്തതയുമില്ലാത്ത വിധം ചന്ദ്രനെ കാണുന്നത് പോലെ നിങ്ങളുടെ റബ്ബിനെ കാണുന്നതായിരിക്കും”

എന്നാൽ ഇവിടെ പറയപ്പെട്ട ഉപമ കാഴചയെന്നുള്ളതിൽ മാത്രമാണ്; അല്ലാതെ കാണപ്പെടുന്ന വസ്തു എന്നുള്ളതിലല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാരണം അല്ലാഹു, അവന് തുല്യനോ സദൃശ്യനോ ഇല്ല; അവനെപ്പോലെ ആരും തന്നെയില്ല.

അവർ വിശ്വാസികൾ ഖിയാമത്ത് നാളിൽ സ്വർഗ്ഗ പ്രവേശനത്തിനു ശേഷം അല്ലാഹു ഉദ്ദേശിക്കുംവിധം അവനെ കാണുക തന്നെ ചെയ്യും. അത് അല്ലാഹുവിന് അനുയോജ്യമായ തരത്തിൽ യഥാർത്ഥത്തിലുള്ള കാഴ്ച തന്നെയായിരിക്കും.

നിരാകരണ വാദികളുടെ (أهل التعطيل) വ്യാഖ്യാനം: ഇവിടെ കാണുക എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം എന്നതാണ്. അതല്ലെങ്കിൽ ദൃഢമായി അറിയുക, ബോധ്യപ്പെടുക എന്നെല്ലാമാണ്. എന്നാൽ ഒന്നാമത്തെ ദുർവ്യാഖ്യാനത്തെ മുൻ സൂചിപ്പിച്ചതായ നാലാം നമ്പർ നിയമ പ്രകാരം[1] നമുക്ക് ഖണ്ഡിക്കാൻ കഴിയും. രണ്ടാം ദുർവ്യാഖ്യാനത്തെ (ബോധ്യപ്പെടുക, ദൃഢമായി അറിയുക എന്നത്) മുകളിൽ പറയപ്പെട്ടതിനു പുറമെ നാലാമതായി മറ്റൊരു മാർഗ്ഗത്തിലൂടെയും നാം ഖണ്ഡിക്കുന്നു; അതെന്തെന്നാൽ ദൃഢമായി അറിയുക ബോധ്യപ്പെടുക എന്നത് പുണ്യവാന്മാർക്ക് ഇഹലോകത്ത് വെച്ചുതന്നെ ലഭിക്കുന്നതാണ്, അതുപോലെ തെമ്മാടികൾക്കത് പരലോകത്ത് വെച്ചും ലഭിക്കുന്നതുമാണ്.

[1] http://salafivoice.com/classroom/01_Namavisheshanangal_Adisthana_Niyamangal.pdf കാണുക.